REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 12-09-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **70 പിന്നിട്ട എല്ലാ മുതിർന്ന പൗരൻമാർക്കും ആയുഷ്മാൻ ഭാരത് PM ജൻ ആരോഗ്യ യോജനയിൽ ആരോഗ്യപരിരക്ഷ നൽകാൻ കേന്ദ്ര മന്ത്രിസഭായോഗത്തിന്റെ തീരുമാനം.**
- **പ്രധാനമന്ത്രി ഗ്രാമ സഡക്ക് യോജന നാലാംഘട്ടത്തിന് കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകി.**
- **അഞ്ച് സംസ്ഥാനങ്ങളിലെ മന്ത്രിമാർ പങ്കെടുക്കുന്ന ഏകദിന കോൺക്ലേവ് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.**
- **സംസ്ഥാനഗവൺമന്റിന്റെ വയോസേവന പുരസ്കാരത്തിന് മലപ്പുറം ജില്ലാ പഞ്ചായത്ത് അർഹമായി.**
- **ഹംഗറിയിലെ ബുഡാപെസ്റ്റിൽ ഇന്നലെ ആരംഭിച്ച നാല്പത്തിയഞ്ചാമത് ഫിഡെ ചെസ് ഒളിമ്പ്യാഡിൽ ഇന്ത്യക്ക് വിജയത്തുടക്കം.**

## വാർത്തകൾ വിശദമായി

70 പിന്നിട്ട മുതിർന്ന പൗരൻമാർക്ക് ആയുഷ്മാൻ ഭാരത് PM ജൻ ആരോഗ്യ യോജനയിൽ ആരോഗ്യപരിരക്ഷ നൽകാൻ കേന്ദ്ര മന്ത്രിസഭായോഗം തീരുമാനിച്ചു. അഞ്ച് ലക്ഷം രൂപയുടെ വരെ ചികിത്സാ പരിരക്ഷയാണ് വരുമാനം പരിഗണിക്കാതെ മുതിർന്ന പൗരൻമാർക്ക് നൽകുന്നത്. ആറ് കോടിയിലേറെ പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്ന് ഡൽഹിയിൽ മന്ത്രിസഭാതീരുമാനങ്ങൾ അറിയിച്ച കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

ഡെസ്ക് റിപ്പോർട്ട് ................

(വോയ്സ് )

രാജ്യത്തെ നാലര കോടി കുടുംബങ്ങളിലെ ആറ് കോടിയോളം മുതിർന്ന പൗരന്മാർക്ക് ഈ തീരുമാനം പ്രയോജനപ്പെടും. ഇതിനായി 3437 കോടി രൂപ വിഹിതം നീക്കി വെച്ചിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് പ്രത്യേക കാർഡുകളും ലഭ്യമാക്കും.

നിലവിൽ ആയുഷ്മാൻ ഭാരത് പദ്ധതിയിൽ ഉൾപ്പെട്ട കുടുംബങ്ങളിലെ 70 കഴിഞ്ഞവർക്ക് അധിക പരിരക്ഷ എന്ന നിലയിൽ അഞ്ച് ലക്ഷം രൂപയുടെ കൂടി ചികിത്സാ സൗകര്യം ലഭ്യമാക്കും. CGHS മറ്റ് പൊതു ആരോഗ്യ ഇൻഷൂറൻസ് എന്നിവയുടെ പരിരക്ഷ ലഭിക്കുന്നവർക്ക് ആയുഷ്മാൻ ഭാരത് യോജനയോ, ഇപ്പോൾ ലഭിക്കുന്ന ഇൻഷുറൻസ് പരിരക്ഷയോ തെരഞ്ഞെടുക്കാം. സ്വകാര്യ ആരോഗ്യ ഇൻഷൂറൻസ് ലഭിക്കുന്നവർക്കും ഈ ആനുകൂല്യം ലഭിക്കാൻ അർഹതയുണ്ട്.

മുതിർന്ന പൗരന്മാരുടെ ആരോഗ്യ സുരക്ഷ സംബന്ധിച്ച പ്രധാനമന്ത്രിയുടെ പ്രതിബദ്ധത പൂർത്തീകരിക്കുന്ന തീരുമാനമാണിതെന്നും അശ്വിനി വൈഷ്ണവ് വിശദീകരിച്ചു.

✪✪✪

പ്രധാനമന്ത്രി ഗ്രാമ സഡക്ക് യോജന നാലാംഘട്ടത്തിന് കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകി. നടപ്പ് സാമ്പത്തിക വർഷം മുതൽ 2028-29 വരെ പദ്ധതിക്ക് 70125 കോടി രൂപ അനുവദിക്കും. പദ്ധതിയിൽ 62500 കിലോമീറ്റർ ഗ്രാമീണറോഡുകൾ നിർമ്മിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് അശ്വിനി വൈഷ്ണവ് പറഞ്ഞു. 25000 ത്തോളം ഗ്രാമീണ ആവാസകേന്ദ്രങ്ങളെ റോഡ് ശൃംഖലയിൽ കൊണ്ടുവരാൻ പദ്ധതി സഹായകമാകും. 40 കോടി തൊഴിൽ ദിനങ്ങളും പദ്ധതിയിലൂടെ ലഭ്യമാകും. ഏത് കാലാവസ്ഥയിലും കേട് വരാത്തതരത്തിലായിരിക്കും റോഡുകളുടെ നിർമ്മാണമെന്നും അശ്വിനി വൈഷ്ണവ് അറിയിച്ചു.

വൈദ്യുതി ബസുകൾ വാങ്ങാനും പൊതുഗതാഗതസംവിധാനത്തിൽ അവ ഉൾപ്പെടുത്താനും ലക്ഷ്യമിടുന്ന PM ഇ - ബസ് സേവാ പെയ്മന്റ് സെക്യൂരിറ്റി മെക്കാനിസത്തിനും മന്ത്രിസഭ അനുമതി നൽകി. 3435 കോടി രൂപ ഇതിനായി മാറ്റിവെച്ചിട്ടുണ്ട്. 2028-29 വർഷം വരെ നീളുന്ന പദ്ധതിയിൽ 38000 ലേറെ വൈദ്യുതി ബസുകൾ സർവീസിന് ഉപയോഗപ്പെടുത്തും. സ്വകാര്യമേഖല പങ്കാളിത്തവും പദ്ധതിയിൽ പ്രയോജനപ്പെടുത്തുമെന്ന് അശ്വിനി വൈഷ്ണവ് വ്യക്തമാക്കി.

✪✪✪

കൃത്യമായ കാലാവസ്ഥാ സേവനങ്ങളും മുന്നറിയിപ്പുകളും ലഭ്യമാക്കുന്നതിന് മിഷൻ മൗസം നടപ്പാക്കാനും കേന്ദ്രമന്ത്രിസഭാ യോഗം തീരുമാനിച്ചു. കാലാവസ്ഥയുമായി ബന്ധപ്പെട്ട സേവനങ്ങൾക്കും ഗവേഷണപഠന മേഖലകൾക്കും വേണ്ടി ഭൗമശാസ്ത്ര മന്ത്രാലയമാണ് മിഷൻ മൗസം നടപ്പാക്കുന്നത്. പുതിയ തലമുറ റഡാറുകളും ഉപഗ്രഹ സംവിധാനങ്ങളും സെൻസറുകളും സൂപ്പർ കമ്പ്യൂട്ടറുകളും ഉപയോഗിച്ച് കൃത്യമായ കാലാവസ്ഥാ വിവരങ്ങൾ ശേഖരിക്കാനും യഥാസമയം ജനങ്ങളിൽ എത്തിക്കാനും ദൗത്യത്തിലൂടെ സാധ്യമാകുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

കൃഷി, ദുരന്തനിവാരണം, രാജ്യരക്ഷ, പരിസ്ഥിതി, വ്യോമയാനം, ഊർജ്ജം, ടൂറിസം എന്നിവയടക്കം നിരവധി മേഖലകൾക്ക് ദൗത്യം പ്രയോജനപ്പെടും. നഗരാസൂത്രണം, റോഡ് - റെയിൽ - കടൽ ഗതാഗതം തുടങ്ങിയ രംഗങ്ങളിലും ഇത് പുതിയ മാറ്റങ്ങൾക്ക് വഴിയൊരുക്കും. അടുത്ത രണ്ട് വർഷങ്ങളിൽ മൗസം ദൗത്യത്തിന് 2000 കോടി രൂപ വിഹിതം ഉപയോഗപ്പെടുത്തും.

✪✪✪

സിവിൽ ഏവിയേഷൻ സംബന്ധിച്ച രണ്ടാമത്തെ ഏഷ്യാ-പസഫിക് മന്ത്രിതല സമ്മേളനത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അഭിസംബോധന ചെയ്യും. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടത്തുന്ന സമ്മേളനത്തിൽ എല്ലാ അംഗരാജ്യങ്ങളും "ഡൽഹി പ്രഖ്യാപനം" അംഗീകരിച്ചതായി പ്രധാനമന്ത്രി അറിയിക്കും.

✪✪✪

പതിനാറാം ധനകാര്യ കമ്മീഷനുമായി ബന്ധപ്പെട്ട നിലപാടുകൾ തീരുമാനിക്കുന്നതിന് അഞ്ച് സംസ്ഥാനങ്ങളിലെ മന്ത്രിമാർ പങ്കെടുക്കുന്ന ഏകദിന കോൺക്ലേവ് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.

തെലങ്കാന ഉപമുഖ്യമന്ത്രിയും ധനകാര്യ മന്ത്രിയുമായ ഭട്ടി വിക്രമാർക്ക മല്ലു, കർണാടക റവന്യു മന്ത്രി കൃഷ്ണ ബൈരെ ഗൗഡ, പഞ്ചാബ് ധനമന്ത്രി ഹർപാൽ സിങ് ചീമ, തമിഴ്നാട് ധനമന്ത്രി തങ്കം തെന്നരസു പ്രതിപക്ഷ നേതാവ് VD സതീശൻ, പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞനും കേന്ദ്ര ഗവൺമെന്റിന്റെ മുൻ സാമ്പത്തിക ഉപദേഷ്ടാവുമായ ഡോ. അരവിന്ദ് സുബ്രഹ്മണ്യൻ തുടങ്ങിയവർ വിശിഷ്ടാതിഥികളായി പങ്കെടുക്കും.

സംസ്ഥാനങ്ങൾ നേരിടുന്ന വികസന-ധനകാര്യ പ്രശ്നങ്ങൾ ഡോ. A അരവിന്ദ് പനഗാരിയ അധ്യക്ഷനായ പതിനാറാം ധനകാര്യ കമ്മീഷൻ മുമ്പാകെ

അവതരിപ്പിക്കുന്നത് സംബന്ധിച്ച ആശയരൂപീകരണമാണ് സമ്മേളനത്തിന്റെ പ്രധാന ലക്ഷ്യം.

✪✪✪

സംസ്ഥാനതല പട്ടയ മേള വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ കളമശ്ശേരിയിൽ ഉദ്ഘാടനം ചെയ്യും.

എല്ലാവര്ക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാര്ട്ട് എന്ന ലക്ഷ്യത്തോടെയാണ് പട്ടയമേള സംഘടിപ്പിക്കുന്നത്.

ചടങ്ങിൽ മന്ത്രിമാരായ K രാജൻ, P രാജീവ്, പ്രതിപക്ഷ നേതാവ് VD സതീശൻ തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

നവീകരിച്ച ഇടപ്പള്ളി ചങ്ങമ്പുഴ പാർക്ക് മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് ഉദ്ഘാടനം ചെയ്യും. വിശാലകൊച്ചി വികസന അതോറിറ്റിയുടെ നേതൃത്വത്തിൽ നാലേകാൽകോടി രൂപയുടെ ചെലവിലാണ് പാർക്ക് നവീകരിച്ചത്. ഇതോടനുബന്ധിച്ച് ഒരാഴ്ച നീളുന്ന കലാസാംസ്കാരിക പരിപാടികളും ഉണ്ടായിരിക്കും.

കളമശ്ശേരി കാർഷികോത്സവത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന കാർഷികസമ്മേളനവും മുഖ്യമന്ത്രി വൈകിട്ട് ഉദ്ഘാടനം ചെയ്യും. കാർഷികോത്സവം നാളെ സമാപിക്കും.

✪✪✪

കേരളത്തിലെ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് ഭക്ഷ്യ കിറ്റുകളുടെ സംസ്ഥാനതല വിതരണവും ഓണക്കോടി വിതരണവും മന്ത്രി ഡോ R ബിന്ദു തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. മന്ത്രി G R അനിലും പുലയനാർകോട്ട ഗവൺമെന്റ് കെയർ ഹോമിലെ പരിപാടിയിൽ പങ്കെടുത്തു. സാമൂഹ്യനീതി വകുപ്പിന് കീഴിലെ 480 ക്ഷേമസ്ഥാപനങ്ങൾക്കാണ് 13 ഇന ആവശ്യസാധങ്ങളടങ്ങിയ ഓണക്കിറ്റുകൾ വിതരണം ചെയ്യുന്നത്.

✪✪✪

സംസ്ഥാനത്തെ പരമ്പരാഗത തൊഴിൽമേഖലകളിലെ തൊഴിലാളികൾക്ക് ബോണസ്സ്, ഓണക്കിറ്റ്, എക്സ് ഗ്രേഷ്യാ, ഇൻകം സപ്പോർട്ട് സ്കീം എന്നിവ പ്രകാരം 67 കോടി രൂപയുടെ ധനസഹായം അനുവദിച്ചതായി മന്ത്രി V ശിവൻകുട്ടി അറിയിച്ചു. നാല് ലക്ഷത്തി 47,451 തൊഴിലാളികൾക്കാണ് ആനുകൂല്യങ്ങൾ ലഭിക്കുകയെന്ന് മന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

✪✪✪

തദ്ദേശസ്ഥാപനങ്ങൾക്ക് ഏർപ്പെടുത്തിയ സംസ്ഥാനഗവൺമന്റിന്റെ വയോസേവന പുരസ്കാരത്തിന് മലപ്പുറം ജില്ലാ പഞ്ചായത്ത് അർഹമായി. വയോജനങ്ങൾക്കായി നടപ്പാക്കിയ മാതൃകാപരമായ പദ്ധതികൾ പരിഗണിച്ചാണ് പുരസ്കാരം. ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും ഫലകവും അടങ്ങിയതാണ് അവാർഡ്.

ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകുന്ന പുരസ്കാരത്തിന് കോട്ടയം ജില്ലയിലെ വൈക്കം ബ്ലോക്ക് പഞ്ചായത്ത് അർഹമായി.

✪✪✪

BJP ദക്ഷിണ ക്ഷേത്രീയ സംഘടനാ സെക്രട്ടറിയായിരുന്ന PP മുകുന്ദന്റെ ഒന്നാം ചരമ വാർഷിക ദിനാചരണത്തിന്റെ ഭാഗമായി കണ്ണൂരിൽ നാളെ അനുസ്മരണം സമ്മേളനം നടത്തും. രാവിലെ ചേംബർ ഹാളിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്യും.

✪✪✪

ഹംഗറിയിലെ ബുഡാപെസ്റ്റിൽ ഇന്നലെ ആരംഭിച്ച നാല്പത്തിയഞ്ചാമത് ഫിഡെ ചെസ് ഒളിമ്പ്യാഡിൽ ഇന്ത്യക്ക് വിജയത്തുടക്കം. ഓപ്പൺ വിഭാഗത്തിൽ മൊറോക്കോ-യ്ക്കെതിരെയും വനിതാ വിഭാഗത്തിൽ ജമൈക്കയ്ക്ക് എതിരെയും വിജയം നേടിയാണ് ഇന്ത്യൻ താരങ്ങൾ വിജയയാത്ര ആരംഭിച്ചത്.

മൊറോക്കോയ്ക്കെതിരായ ഉദ്ഘാടന മത്സരത്തിൽ R പ്രഗ്നാനന്ദ ലീഡ് നേടി. തുടർന്ന് പെന്റല ഹരികൃഷ്ണ അർജുൻ എറിഗൈസ് എന്നിവർ ഇന്ത്യയുടെ ആധിപത്യം ഉറപ്പിച്ചു. വനിതാ വിഭാഗത്തിൽ ജമൈക്കയ്ക്കെതിരെ വൈശാലി അദാനി, ടാനിയ സച്ച്ദേവ്, ദിവ്യ ദേശ്മുഖ് വന്തിക അഗർവാൾ എന്നിവരാണ് രാജ്യത്തിന് വിജയം സമ്മാനിച്ചത്.

✪✪✪

പുരുഷന്മാരുടെ ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി ഹോക്കി ടൂർണമെന്റിൽ ഇന്ത്യ ഇന്ന് ദക്ഷിണ കൊറിയയെ നേരിടും. ചൈനയിലെ ഹുലുൻബുയറിൽ ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1:15 നാണ് മത്സരം.

✪✪✪

തിരുവനന്തപുരത്ത് കേരള ക്രിക്കറ്റ് ലീഗിൽ ഇന്നലെ അദാനി ട്രിവാൻഡ്രം റോയൽസും, കൊല്ലം സെയ്‌ലേഴ്സും വിജയിച്ചു. തൃശൂർ ടൈറ്റൻസിനെ എട്ടുവിക്കറ്റിനാണ് അദാനി ട്രിവാൻഡ്രം തോൽപ്പിച്ചത്. രണ്ടാം മത്സരത്തിൽ കൊച്ചി ബ്ലൂ ടൈഗേഴ്സിനെ കൊല്ലം ഏഴ് വിക്കറ്റിന് തോൽപ്പിച്ചു. കേരള

ക്രിക്കറ്റ് ലീഗിലെ ആദ്യ സെഞ്ച്വറി സെയ്ലേഴ്സിന്റെ ക്യാപ്റ്റൻ സച്ചിൻ ബേബി സ്വന്തം പേരിൽ കുറിച്ചു.

✪✪✪

ഓണത്തോടനുബന്ധിച്ച് കാസർകോട്ട് റവന്യൂ- സിവിൽ സപ്ലൈസ് - ലീഗൽ മെട്രോളജി വകുപ്പുകൾ നടത്തിയ. പരിശോധനയിൽ 15 കടകൾക്കെതിരെ നോട്ടീസ് നൽകി.

✪✪✪

ഓണ പൂജകൾക്കായി ശബരിമലയിൽ  നാളെ വൈകിട്ട് നട തുറക്കും. പതിവു പൂജകൾ വെള്ളിയാഴ്ച ആരംഭിക്കും.

✪✪✪

വയനാട് വെള്ളാരംകുന്നിൽ വാഹനാപകടത്തിൽ ഗുരുതരമായി പരിക്കേറ്റ് ചികിത്സയിലായിരുന്ന അമ്പലവയൽ ആണ്ടൂർ സ്വദേശി ജെൻസൺ മരിച്ചു.മേപ്പാടിയിലെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം.  വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ മാതാപിതാക്കൾ ഉൾപ്പെടെ കുടുംബത്തിലെ ഒമ്പത് പേർ മരിച്ച ശ്രുതിയുടെ പ്രതിശ്രുത വരനായിരുന്നു ജെൻസൻ.

സംഭവത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രിമാരായ AK ശശീന്ദ്രൻ, V ശിവൻകുട്ടി, വീണാ ജോർജ്ജ് തുടങ്ങിയവർ അനുശോചിച്ചു.

✪✪✪

കേരള വനിതാ കമ്മീഷൻ  അദാലത്ത് ഇന്ന്  എറണാകുളം ഗസ്റ്റ് ഹൗസിൽ നടത്തും. വനിതാ കമ്മീഷൻ അധ്യക്ഷ P. സതീദേവി അദാലത്തിന് നേതൃത്വം നൽകും.

✪✪✪

തിരുവനന്തപുരം നഗരത്തിൽ ഇന്ന് ജലവിതരണം മുടങ്ങില്ലെന്ന് വാട്ടർ അതോറിറ്റി അറിയിച്ചു. പുതിയ ജലവിതരണ ലൈനുകൾ ചാർജ് ചെയ്യാൻ ഇന്ന് നടത്താനിരുന്ന ജോലികൾ സാങ്കേതിക കാരണങ്ങളാൽ മാറ്റിയതിനെതുടർന്നാണിത്.

✪✪✪

ഓണക്കാലത്ത് വിലക്കയറ്റം കൊണ്ട് ജനങ്ങൾ പ്രതിസന്ധിയിലാകരുതെന്നാണ് ഗവ. നയമെന്ന് നിയമസഭ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ പറഞ്ഞു.

✪✪✪